**പതിമൂന്നാം കേരളനിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 805.

24.07.2012 ന് മറുപടിയ്ക്ക്.

## വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വർക്കല കഹാർ<br>**ശ്രീ.കെ. മുരളീധരൻ** | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കുമോ; | (എ) വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് 1980-ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് എന്ന ചട്ടപ്രകാരമാണ് നഷ്ടപരിഹാരം നൽകി വരുന്നത്. ഈ ചട്ടപ്രകാരം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് വനം വകുപ്പ് 5,000 രൂപ വരെയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 25,000 രൂപ വരെയും നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |
| (ബി) ധനസഹായങ്ങൾ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) എങ്കിൽ എന്ന് മുതലാണ് വർദ്ധിച്ച ധനസഹായത്തിന് പ്രാബല്യം നൽകുന്നത്; വിശദമാക്കുമോ? | (ബി യും സി യും) ധനസഹായം വർദ്ധിപ്പിക്കാൻ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണത്താൽ പരിക്കേൽക്കുന്നവർക്ക് നൽകി വരുന്ന നഷ്ടപരിഹാരതുക 5,000 രൂപയിൽ നിന്നും ചികിത്സാചെലവ് പരമാവധി 75,000 രൂപയായി വർദ്ധിപ്പിക്കാനും ആദിവാസി വിഭാഗത്തിന് പരിധിയില്ലാതെ ചികിത്സക്കുള്ള മുഴുവൻ തുകയും നൽകുവാനും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് നൽകി വരുന്ന നഷ്ടപരിഹാര തുക 25,000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കാനുമുള്ള നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്. |

സെക്ഷൻ ഓഫീസർ.